(ബി) ഇത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഒന്നുംതന്നെ നൽകിയിട്ടില്ല.

(സി) അതിർത്തി തിരിച്ച് കല്ലിടുന്ന പണി ആരംഭിച്ചിട്ടുണ്ട്.

(ഡി) സർവ്വെ നിർത്തിവെയ്ക്കാൻ നിർദ്ദേശം ഒന്നും നൽകിയിട്ടില്ല.

(ഇ) ഈ പ്രദേശത്തെ പ്രവൃത്തിക്ക് (കരമന മുതൽ വഴിമുക്ക് വരെ 12 കി.മി.) 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കല്ലിടൽ പ്രവർത്തിക്ക് 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(എഫ്) ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി വസ്തു ഏറ്റെടുക്കാനും വസ്തുവിനും കെട്ടിടങ്ങൾക്കും വിപണി വില നൽകാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനുവേണ്ടി പ്രത്യേകമായ പുനരധിവാസ പദ്ധതിയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) ഈ ഭാഗത്തെ അതിർത്തി തിരിച്ച് കല്ലിടുന്ന പണി നടന്നുവരുന്നു.

എൻ.എച്ച്.47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡ് വികസനം

223 (820) ശ്രീ. എൻ. ശക്തൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച് 47-ലെ പാപ്പനംകോട് മുതൽ കൈമനം വരെയുള്ള റോഡിന്റെ വികസനത്തിനായി ഭൂമി ലഭ്യമായിട്ടും ഇവിടത്തെ നിർമ്മാണ പ്രവർത്തനം ഇനിയും പൂർത്തിയാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇവിടെ ഇതുവരെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടിട്ടുള്ളത് ;

(സി) സമയബന്ധിതമായി ഈ പണി പൂർത്തിയാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തായിരുന്നു ;

(ഡി) ഈ ഭാഗത്തെ മുഴുവൻ പണികളും പൂർത്തിയാക്കി ഗതാഗത സൗകര്യത്തിന് നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാപ്പനംകോട് മുതൽ കൈമനം വരെയുള്ള ഭൂമി റോഡു വികസനത്തിനായി വിട്ടുകിട്ടുയിട്ടുണ്ട്. പ്രസ്തുത സ്ഥത്ത് താൽക്കാലിക ബസ്ബേ നിർമ്മിക്കുവാനും പാർക്കിംഗ് സ്ഥലം പണിയുവാനുമുള്ള പ്രവർത്തികൾ നടന്നുവരുന്നു.

(ബി) ശ്രീ. ചിത്തിരതിരുനാൾ എൻജിനീയറിംഗ് കോളേജിന്റെ മുൻവശം വീതികൂട്ടുകയും താൽക്കാലിക ബസ്ബേ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ടി പണിയുടെ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബസ്ബേയുടെ പണി തുടങ്ങുന്നതും സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

കൊല്ലം-തേനി ദേശീയപാതയുടെ അലൈൻമെന്റ് പുനർനിർണ്ണയം

224 (821) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം തേനി ദേശീയപാതയുടെ (എൻ. എച്ച് 220) അലൈൻമെന്റ് പുനർനിർണ്ണയം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിലേക്കായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. കൊല്ലം-തേനി ദേശീയപാതയുടെ കൊല്ലം മുതൽ കോട്ടയം വരെയുള്ള അലൈൻമെന്റ് പുനർനിർണ്ണയിക്കാനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടയം മുതൽ തേനിവരെ നിലവിൽ ദേശീയപാത ആയതുകൊണ്ട് അലൈൻമെന്റിൽ മാറ്റമില്ല.

ബസ് ഷെൽട്ടറുകൾ

225 (822) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം നഗരപരിധിയിൽ എത്ര ബസ് ഷെൽട്ടറുകൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഇതുവരെ എത്ര ബസ് ഷെൽട്ടറുകൾ സ്ഥാപിച്ചു ;

(സി) ഈ വർഷം ഇനി എത്ര ഷെൽട്ടറുകൾ കൂടി നിർമ്മിക്കാനാകും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ബസ് ഷെൽട്ടറിന്റെ ഒരു മാതൃക മ്യൂസിയം ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly